# ഭർത്താവിനെതിരെ കൊലക്കുറ്റത്തിന് കൂടി കേസെടുത്തു

പാലക്കാട് ● ഷൊർണൂർ സ്വദേശിയായ യുവതിയെ വിവാഹബന്ധത്തിൽ നിന്ന് ഒഴിവാക്കാനും കൂടുതൽ പണം ആവശ്യപ്പെട്ടും അക്രമിച്ച കേസിൽ ഭർത്താവിനെതിരെ കൊലപാതകശ്രമത്തിനു കൂടി കേസെടുത്തു.

കൊല്ലണമെന്ന ഉദ്ദേശ്യത്തോടെ ഭർത്താവ് തലയണ മുഖത്ത് അമർത്തുകയും ആത്മഹത്യാക്കുറിപ്പ് എഴുതിവച്ച് അതിൽ യുവതിയെ ഒപ്പിടീപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. രക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ അവരെ വിവസ്ത്രയാക്കുകയും ചെയ്തുവെന്നാണു കുറ്റം. ഭർത്താവ് ഇടുക്കി അണക്കര സ്വദേശി കുറ്റടി വടക്കേത്തറ ജോമോനെതിരെയാണു സൗത്ത് പൊലീസ് കേസെടുത്തത്. സ്ത്രീധന പീഡനത്തിനും മർദ്ദനത്തിനും മാത്രം കേസെടുത്തു സംഭവം പൊലീസ് ഒതുക്കി തീർക്കാൻ ശ്രമം നടത്തിയതായി ആരോപണം ഉയർന്നിരുന്നു. അതിനുവേണ്ടി ഉന്നത തല സ്വാധീനവും ഉണ്ടായി. കുറ്റകൃത്യങ്ങൾക്കു ഇരയാകുന്നവരെ സഹായിക്കുന്ന സംഘടനയായ വിശ്വാസ് ഇടപെട്ടതിനെ തുടർന്നാണു കൂടുതൽ നടപടികളുണ്ടായത്. വിശ്വാസിന്റെ പ്രവർത്തകർ ജില്ലാ ആശുപത്രിയിലുള്ള യുവതിയെ സന്ദർശിച്ചു. സംഭവത്തിൽ സംഘടന മാനേജിങ് കമ്മിറ്റി അംഗം അഡ്വ.റീന കൊലപാതകശ്രമം ഉൾപ്പെടെയുള്ള വകുപ്പുകൾ ചേർത്തു കേസെടുക്കാൻപൊലീസിനു നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് മജിസ്ട്രേട്ട് കോടതിയിൽ അപേക്ഷ നൽകിയിരുന്നു.

തുടർന്നു ടൗൺ സിഐ സി.ആർ.പ്രമോദ് വിശ്വാസിന്റെ ഓഫിസിലെത്തി യുവതിയുടെ മൊഴി രേഖപ്പെടുത്തി. യുവതിക്കു തുടർന്നുള്ള നിയമസഹായവും വിശ്വാസ് നൽകുമെന്നു സെക്രട്ടറി പി.പ്രേംനാഥ് അറിയിച്ചു.

# യുവതിക്ക് മർദനം; ഭർത്താവിനെതിരെ കൊലക്കുറ്റത്തിന് കേസ്

**പാലക്കാട്:** ഷൊറണൂർ സ്വദേശിയായ യുവതിയെ പണത്തിനും വിവാഹമോചനത്തിനും വേണ്ടി പീഡിപ്പിച്ച കേസിൽ ഭർത്താവിനെതിരെ കൊലപാതകശ്രമത്തിന് പോലീസ് കേസെടുത്തു.

ഇടുക്കി അണക്കര സ്വദേശി കുറ്റടി വടക്കേത്തറ ജോമോനെതിരെയാണ് സൗത്ത് പോലീസ് കേസെടുത്തത്. കഴിഞ്ഞദിവസം മർദനമേറ്റ് പോലീസ് സഹായം തേടിയ യുവതിയുടെ പരാതി ലഘൂകരിക്കാൻ ശ്രമിച്ചതായി ആരോപണമുണ്ട്. ഇരകൾക്കുവേണ്ടി പാലക്കാട് പ്രവർത്തിക്കുന്ന വിശ്വാസ് എന്ന സംഘടനയും കളക്ടറും ഇടപെട്ടാണ് ഇപ്പോൾ കോടതി മുഖേന കേസ് എടുപ്പിച്ചത്. ഭർത്താവ് യുവതിയുടെ മുഖത്ത് തലയണ അമർത്തി കൊല്ലാൻ ശ്രമിച്ചതായും ആത്മഹത്യാകുറിപ്പ് എഴുതാൻ നിർബന്ധിച്ചതായും യുവതി പരാതിപ്പെട്ടു. സ്ത്രീധനപീഡനത്തിനും മർദനത്തിനും മാത്രമാണ് പോലീസ് ആദ്യം കേസെടുത്തത്. വിശ്വാസ് മാനേജിങ് കമ്മിറ്റി അംഗമായ അഡ്വ. ടി. റീന മുഖേനയാണ് കോടതിയെ സമീപിച്ചത്. ജോമോനെതിരെ കൊലപാതകശ്രമത്തിനുകൂടി കേസെടുക്കണമെന്നാവശ്യപ്പെട്ടാണ് വിശ്വാസ് കോടതിയിൽ അപേക്ഷ നൽകിയത്. യുവതിക്ക് തുടർന്നുള്ള നിയമസഹായവും വിശ്വാസ് നൽകുമെന്ന് സെക്രട്ടറി പി. പ്രേംനാഥ് അറിയിച്ചു.

# യുവതിയെ മർദിച്ച കേസ്: 'ഇടപെട്ട'തോടെ ഭർത്താവിനെ അറസ്റ്റ് ചെയ്തു

പാലക്കാട് ● ഷൊർണൂർ സ്വദേശിയായ യുവതിയെ മർദിച്ച കേസിൽ ഭർത്താവ് ഇടുക്കി അണക്കര കുറ്റടിവടക്കേത്തറ ജോമോനെ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് (1) സിന്ധു തങ്കം റിമാൻഡ് ചെയ്തു. 14ന് അർധരാത്രിയാണ് യുവതിക്ക് മർദനമേറ്റത്. കൈകൊണ്ട് തല്ലി, കൊല്ലുമെന്നു ഭീഷണിപ്പെടുത്തി എന്നീ വകുപ്പുകൾ മാത്രമാണ് പൊലീസ് ആദ്യം എഫ്ഐആറിൽ രേഖപ്പെടുത്തിയത്. 'വിശ്വാസ്' എന്ന സംഘടനയും ജില്ലാ കലക്ടറും ഇടപെട്ടതോടെയാണ് പിന്നീട് സ്ത്രീധന പീഡനത്തിനുള്ള വകുപ്പും ഉൾപ്പെടുത്തി അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയത്.

ഒരു ഹോട്ടലിൽ ഷെഫ് ആയ ജോമോനെ ഒരു വർഷം മുൻപാണ് യുവതി മതാചാരപ്രകാരം വിവാഹം ചെയ്തത്.

യുവതിയുടെ പരാതിയിൽ പറയുന്നത്: കൂടുതൽ പണം ആവശ്യപ്പെട്ടും വിവാഹബന്ധം ഉപേക്ഷിക്കാൻ വേണ്ടിയുമാണ് ഭർത്താവ് മർദിച്ചത്. കഴുത്തിൽ ഞെക്കിപ്പിടിച്ച് ശ്വാസം മുട്ടിച്ച് കൊല്ലാനും ശ്രമിച്ചു. ആത്മഹത്യാകുറിപ്പിൽ ഒപ്പിടിക്കാനും നിർബന്ധിച്ചപ്പോൾ ചെറുത്തു. തുടർന്ന് നിശാവസ്ത്രം കീറി വീട്ടിന് പുറത്തു തള്ളി. പിന്നീട് ഭർത്താവ് പുറത്തിറങ്ങിയ സമയത്ത് പൊലീസ് കൺട്രോൾ റൂമിലേക്ക് വിളിച്ചു. രാത്രി 12 മണിയോടെ പൊലീസെത്തി. വനിതാ പൊലീസ് ഇവരെയും ഭർത്താവിനെയും സൗത്ത് പൊലീസ് സ്റ്റേഷനിലെത്തിച്ചു. പല തവണ ആവശ്യപ്പെട്ടിട്ടും ആശുപത്രിയിലെത്തിക്കാൻ പൊലീസ് തയാറായില്ല.

രാവിലെ പരിചയക്കാരിയെ കൂട്ടി ജില്ലാ ആശുപത്രിയിലെത്തി. വൈകിട്ടോടെ വനിതാ പൊലീസ് യുവതിയുടെ മൊഴിയെടുത്തു.

എന്നാൽ, മൊഴിയിലെ പല കാര്യങ്ങളും വിട്ടുകളഞ്ഞാണ് പൊലീസ് യഥാർഥ മൊഴിപ്പകർപ്പ് തയാറാക്കിയത്. ജില്ലാ കലക്ടറും മറ്റും ഇടപെട്ടതോടെ സ്ത്രീധനപീഡനത്തിനുള്ള വകുപ്പും ഉൾപ്പെടുത്തി.

# യുവതിക്ക് മർദനം: ഭർത്താവിനെ റിമാൻഡുചെയ്തു

**പാലക്കാട്:** ഷൊറണൂർ സ്വദേശിയായ സ്ത്രീയെ മർദിച്ച കേസിൽ ഭർത്താവിനെ റിമാൻഡ് ചെയ്തു. ഇടുക്കി അണക്കര കുറ്റടി വടക്കേത്തറ ജോമോനെയാണ് ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ്-1 സിന്ധു തങ്കം റിമാൻഡുചെയ്തത്. 14ന് രാത്രിയാണ് യുവതിയെ ഭർത്താവ് മർദിക്കുകയും അവഹേളിക്കുകയും ചെയ്തത്.

കൈകൊണ്ട് മർദിച്ചെന്നും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയെന്നും മാത്രമാണ് സൗത്ത് പോലീസ് ആദ്യം എഫ്.ഐ.ആറിൽ രേഖപ്പെടുത്തിയത്. പിന്നീട് വിശ്വാസ് എന്ന സംഘടനയും കളക്ടറുമിടപെട്ട് സ്ത്രീധനപീഡനത്തിനുകൂടി വകുപ്പ് ഉൾപ്പെടുത്തി ജോമോന്റെ അറസ്റ്റ് നടത്തുകയായിരുന്നു.

പാലക്കാട് നഗരത്തിലെ ഹോട്ടലിൽ ഷെഫ് ആയ ഇയാളെ ഒരു വർഷം മുമ്പാണ് യുവതി വിവാഹംകഴിച്ചത്. കൂടുതൽ പണമാവശ്യപ്പെട്ടും വിവാഹബന്ധം വേർപ്പെടുത്താൻ നിർബന്ധിച്ചുമാണ് മർദിച്ചതെന്ന് യുവതിയുടെ പരാതിയിൽ പറയുന്നു. ആത്മഹത്യാക്കുറിപ്പിൽ ഒപ്പിടാൻ നിർബന്ധിച്ചപ്പോൾ വിസമ്മതിച്ചതിന് വിവസ്ത്രയാക്കി വീടിന് പുറത്താക്കിയതായും പരാതിയുണ്ട്. ഭർത്താവ് പുറത്തുപോയപ്പോൾ പോലീസ്കൺട്രോൾറൂമിൽ വിളിച്ച് സഹായം തേടുകയായിരുന്നു. രാത്രി ഇരുവരെയും പോലീസ്സ്റ്റേഷനിലെത്തിച്ചെങ്കിലും ആസ്പത്രിയിൽ കൊണ്ടുപോകാൻ പോലീസ് തയ്യാറായില്ലെന്ന് പരാതിയുണ്ട്. 15ന് വൈകിട്ടാണ് വനിതാപോലീസ് യുവതിയുടെ മൊഴിയെടുത്തത്. ജോമോനെതിരെ സ്ത്രീധനപീഡനത്തിനും കൊലപാതകശ്രമത്തിനും കേസെടുക്കണമെന്നാവശ്യപ്പെട്ട് തിങ്കളാഴ്ച വിശ്വാസ് ഹർജി നൽകുമെന്ന് സെക്രട്ടറി പി. പ്രേംനാഥ് അറിയിച്ചു.

# യുവതിയെ മർദിച്ച കേസ്: 'ഇടപെട്ട'തോടെ ഭർത്താവിനെ അറസ്റ്റ് ചെയ്തു

പാലക്കാട് ● ഷൊർണൂർ സ്വദേശിയായ യുവതിയെ മർദിച്ച കേസിൽ ഭർത്താവ് ഇടുക്കി അണക്കര കുറ്റടിവടക്കേത്തറ ജോമോനെ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് (1) സിന്ധു തങ്കം റിമാൻഡ് ചെയ്തു. 14ന് അർധരാത്രിയാണ് യുവതിക്ക് മർദനമേറ്റത്. കൈകൊണ്ട് തല്ലി, കൊല്ലുമെന്നു ഭീഷണിപ്പെടുത്തി എന്നീ വകുപ്പുകൾ മാത്രമാണ് പൊലീസ് ആദ്യം എഫ്ഐആറിൽ രേഖപ്പെടുത്തിയത്. 'വിശ്വാസ്' എന്ന സംഘടനയും ജില്ലാ കലക്ടറും ഇടപെട്ടതോടെയാണ് പിന്നീട് സ്ത്രീധന പീഡനത്തിനുള്ള വകുപ്പും ഉൾപ്പെടുത്തി അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയത്.

ഒരു ഹോട്ടലിൽ ഷെഫ് ആയ ജോമോനെ ഒരു വർഷം മുൻപാണ് യുവതി മതാചാരപ്രകാരം വിവാഹം ചെയ്തത്.

യുവതിയുടെ പരാതിയിൽ പറയുന്നത്: കൂടുതൽ പണം ആവശ്യപ്പെട്ടും വിവാഹബന്ധം ഉപേക്ഷിക്കാൻ വേണ്ടിയുമാണ് ഭർത്താവ് മർദിച്ചത്. കഴുത്തിൽ ഞെക്കിപ്പിടിച്ച് ശ്വാസം മുട്ടിച്ച് കൊല്ലാനും ശ്രമിച്ചു. ആത്മഹത്യാകുറിപ്പിൽ ഒപ്പിടിക്കാനും നിർബന്ധിച്ചപ്പോൾ ചെറുത്തു. തുടർന്ന് നിശാവസ്ത്രം കീറി വീട്ടിന് പുറത്തു തള്ളി. പിന്നീട് ഭർത്താവ് പുറത്തിറങ്ങിയ സമയത്ത് പൊലീസ് കൺട്രോൾ റൂമിലേക്ക് വിളിച്ചു. രാത്രി 12 മണിയോടെ പൊലീസെത്തി.

വനിതാ പൊലീസ് ഇവരെയും ഭർത്താവിനെയും സൗത്ത് പൊലീസ് സ്റ്റേഷനിലെത്തിച്ചു. പല തവണ ആവശ്യപ്പെട്ടിട്ടും ആശുപത്രിയിലെത്തിക്കാൻ പൊലീസ് തയാറായില്ല.

രാവിലെ പരിചയക്കാരിയെ കൂട്ടി ജില്ലാ ആശുപത്രിയിലെത്തി. വൈകിട്ടോടെ വനിതാ പൊലീസ് യുവതിയുടെ മൊഴിയെടുത്തു.

എന്നാൽ, മൊഴിയിലെ പല കാര്യങ്ങളും വിട്ടുകളഞ്ഞാണ് പൊലീസ് യഥാർഥ മൊഴിപ്പകർപ്പ് തയാറാക്കിയത്. ജില്ലാ കലക്ടറും മറ്റും ഇടപെട്ടതോടെ സ്ത്രീധനപീഡനത്തിനുള്ള വകുപ്പും ഉൾപ്പെടുത്തി.